# തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. ശ്രീ. രാജൻ എം.വി)

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - സീനിയർ ഗ്രേഡ് / യു.ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ നിന്നും സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :
1) സ.ഉ(കൈ) നം. 301/68/PD തീയതി 26.09.1968
2) സ.ഉ(പി) നം. 34/2002/P&ARD തീയതി 09.07.2002
3) സ.ഉ(കൈ) നം. 4/2012/P&ARD തീയതി 23.08.2012
4) സ.ഉ(കൈ) നം. 8/2013/P&ARD തീയതി 05.04.2013
5) കോഴിക്കോട് ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ 26.02.2020 തീയതിയിലെ എ4-485/2020 നമ്പർ കത്ത്
6) പാലക്കാട് ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ 27.11.2019 തീയതിയിലെ എ4/1409/2017 നമ്പർ കത്ത്

## ഉത്തരവ് നം . എ1-5740/2016/സിഇ/തസ്വഭവ തീയതി 10.06.2020

മേൽ പരാമർശം (1), (3) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ടൈപ്പിസ്റ്റ് തസ്തികയിൽ 5 വർഷ സേവനവും, സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് അർഹമായ നിർദ്ദിഷ്ട വകുപ്പുതല യോഗ്യതാപരീക്ഷ വിജയിച്ച യു.ഡി ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ്, സെലക്ഷൻ ഗ്രേഡ്, സ്റ്റെനോഗ്രാഫർ (CA) എന്നീ തസ്തികകളിൽ സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാർക്ക്, ഈ വകുപ്പിൽ നിലവിൽ വരുന്ന സീനിയർ ക്ലർക്ക് തസ്തികയിലെ ഓരോ ആറാമത്തെ റെഗുലർ ഒഴിവിലേയ്ക്ക്, ടൈപ്പിസ്റ്റ് തസ്തികയിലെ മുൻഗണനാക്രമത്തിൽ സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിക്കാവുന്നതാണ്.

ഇത്തരത്തിൽ തസ്തികമാറ്റം ലഭിക്കുന്നതിന് സീനിയർഗ്രേഡ് / യു.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി. ബേബി രഞ്ജിനി. ആർ.ഐ (സീനിയോരിറ്റി നം. 50), ശ്രീമതി. ധന്യമോൾ എസ് (സീനിയോരിറ്റി നം. 61), ശ്രീമതി. ദീപ. കെ (സീനിയോരിറ്റി നം. 86) എന്നീ ജീവനക്കാർ പരാർമശം (5), (6) എന്നിവ പ്രകാരം ഉചിതമാർഗ്ഗേണ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും ടി ജീവനക്കാർ ടൈപ്പിസ്റ്റ് തസ്തികയിൽ അഞ്ച് വർഷ സേവനകാലയളവ് പൂർത്തീകരിക്കുകയും സീനിയർ ക്ലർക്ക് തസ്തികയിൽ സ്ഥാനക്കയറ്റത്തിന് ആവശ്യമായ നിർദ്ദിഷ്ട വകുപ്പുതല യോഗ്യതാപരീക്ഷ വിജയിക്കുകയും ചെയ്ത സാഹചര്യത്തിൽ ടി ജീവനക്കാർക്ക് സീനിയർ ക്ലർക്ക് തസ്തികയിൽ, ചുവടെ പറയും പ്രകാരം തസ്തികമാറ്റം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പേര് | നിലവിൽ ജോലിചെയ്യുന്ന കാര്യാലയം | തസ്തികമാറ്റം അനുവദിച്ച് നിയമിക്കുന്ന കാര്യാലയം |
|---|---|---|---|
| 1 | ശ്രീമതി. ബേബി രഞ്ജിനി ആർ.ഐ (725591) സീനിയർഗ്രേഡ് ടൈപ്പിസ്റ്റ് | എക്സി. എഞ്ചിനീയറുടെ കാര്യാലയം തസ്വഭവ ഡിവിഷൻ കോഴിക്കോട് | അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയം തസ്വഭവ സബ്ഡിവിഷൻ കൊടുവള്ളി ബ്ലോക്ക്പഞ്ചായത്ത് കോഴിക്കോട് |
| 2 | ശ്രീമതി. ധന്യമോൾ എസ് (725986) സീനിയർഗ്രേഡ് ടൈപ്പിസ്റ്റ് | അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയം തസ്വഭവ സബ്ഡിവിഷൻ തൃത്താല ബ്ലോക്ക്പഞ്ചായത്ത് പാലക്കാട് | അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയം തസ്വഭവ സബ്ഡിവിഷൻ കുഴൽമന്ദം ബ്ലോക്ക്പഞ്ചായത്ത് പാലക്കാട് |
| 3 | ശ്രീമതി. ദീപ. കെ (663421) യു.ഡി ടൈപ്പിസ്റ്റ് | അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയം തസ്വഭവ സബ്ഡിവിഷൻ കുന്നുമ്മൽ ബ്ലോക്ക്പഞ്ചായത്ത് കോഴിക്കോട് | സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയം തസ്വഭവ സാങ്കേതിക വിഭാഗം കണ്ണൂർ കോർപ്പറേഷൻ |

ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ / ഓഫീസ് മേധാവികൾ ടി ജീവനക്കാരെ വിട്ടുതൽ ചെയ്യേണ്ടതും, നിയമിക്കപ്പെട്ട ഓഫീസുകളിൽ ജോലിയിൽ പ്രവേശിച്ച വിവരം യഥാകാലം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

പകർപ്പ് : 1) ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക്
2) സൂപ്രണ്ടിംഗ് എഞ്ചിനീയർ, തസ്വഭവ, കണ്ണൂർ കോർപ്പറേഷൻ
3) എക്സി. എഞ്ചിനീയർ, തസ്വഭവ ഡിവിഷൻ, പാലക്കാട് / കോഴിക്കോട്
4) അസി. എക്സി. എഞ്ചിനീയർ, തസ്വഭവ സബ് ഡിവിഷൻ, തൃത്താല, കുഴൽമന്ദം ബ്ലോക്ക്പഞ്ചായത്ത്, പാലക്കാട് / കുന്നുമ്മൽ, കൊടുവള്ളി ബ്ലോക്ക്പഞ്ചായത്ത്, കോഴിക്കോട്
5) സീനിയോരിറ്റി സെൽ, തസ്വഭവ ചീഫ് എഞ്ചിനീയറുടെ കാര്യാലയം
6) കരുതൽ / സ്റ്റോക്ക് ഫയൽ